പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4897 — 26.06.2019 ൽ മറുപടിയ്ക്ക്

## വാഹനങ്ങളുടെ ലൈറ്റിന്റെ തീവ്രത പരിശോധന

| | ചോദ്യം<br>ശ്രീ.എം.ഉമ്മർ : | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | വാഹനങ്ങളുടെ അമിതമായ ലൈറ്റ് മൂലം അപകടങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ഒരു പഠനത്തിന്റെ ആവശ്യമില്ലെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇതിനായി വാങ്ങിയ ലെക്സ് മീറ്റർ ഉപയോഗിച്ച് എൻ ഫോഴ്സ് മെന്റ് ഉദ്യോഗസ്ഥർ അമിതമായ ലൈറ്റ് ഉപയോഗിക്കുന്ന വാഹനങ്ങൾക്കെതിരെ നടപടി കൾ സ്വീകരിച്ചു വരുന്നു. |
| ബി) | ഇത്തരത്തിൽ ഒരു പഠനം ആവശ്യമായില്ലെങ്കിൽ വാഹനത്തിന്റെ പ്രകാശ തീവ്രത പരിശോധിക്കാൻ ലെക്സി മീറ്റർ വാങ്ങുന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ ഇടയായ സാഹചര്യം വിശദമാക്കാമോ; | (ബി) | വാഹനങ്ങളുടെ അമിതമായ ലൈറ്റ് മൂലം അപകടങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാന ത്തിലാണ് ലെക്സി മീറ്റർ വാങ്ങുന്നതിന് തീരുമാനിച്ചിട്ടുള്ളത്. |
| (സി) | ലെക്സി മീറ്റർ വാങ്ങുന്നതിനുള്ള നിർദ്ദേശം നടപ്പിലാക്കുന്നതിനുള്ള ഫയൽ സംബന്ധിച്ച വിശദാംശം നൽകുമോ? | (സി) | സംസ്ഥാനത്തുടനീളം റോഡ് സുരക്ഷാ പ്രവർത്തന ത്തിന്റെ വിന്യാസത്തിനായി റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും വാഹന പരിശോധന സുഗമമാക്കുന്നതി നാവശ്യമായ ലക്സ് മീറ്റർ, സൌണ്ട് ലെവൽ മീറ്റർ എന്നിവ വാങ്ങുന്നതിനുള്ള ദക്ഷിണ മേഖല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ ആവശ്യത്തിന്മേൽ കേരള റോഡ് സുരക്ഷാ അതോറിറ്റി പതിനെട്ട് ലക്ഷം രൂപ ഫണ്ട് അനുവദിക്കുകയും അതിൽ നിന്നും ട്രാൻസ്പോർട്ട് കമ്മീഷണറുടെ 31/01/2017 - MIT1/18455/TC/2009 -)0 നമ്പർ ഉത്തരവ് പ്രകാരം 15/12/2017 - ലെ ടെണ്ടർ നടപടികളിലൂടെ M/s. Medical Sensors India limited, Bangalore എന്ന സ്ഥാപനത്തിൽ നിന്നും ഒരു യൂണിറ്റിന് 8000/- രൂപ നിരക്കിൽ 40 ലെക്സ് മീറ്ററുകൾ 3,20,000/- രൂപ ചെലവഴിച്ച് മോട്ടോർ വാഹന വകുപ്പ് വാങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ